പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 1110

1.7.2015 ലെ മറുപടിയ്ക്ക്

വിദ്യാഭ്യാസ അവകാശനിയമം

| | ചോദ്യം<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ഉത്തരം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | വിദ്യാഭ്യാസ അവകാശനിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്, വിശദാംശം ലഭ്യമാക്കുമോ; | (എ) യും & (ബി) യും | വിദ്യാഭ്യാസഅവകാശനിയമപ്രകാരം ഒന്നു മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന 5 മുതൽ 14 വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും, നിർബന്ധിതവും ഗുണമേന്മയുള്ളതുമായ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അവകാശം ഉറപ്പാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള നടപടികൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. 2013-14 അധ്യയന വർഷം മുതൽ 1 മുതൽ 5 വരെ ഉൾപ്പെടുന്ന സ്കൂളുകളെ പ്രൈമറി സ്കൂളെന്നും, 5-ാം ക്ലാസ്സ് ഉൾപ്പെടുന്ന യു.പി.സ്കൂളുകളെ ലോവർ & അപ്പർ പ്രൈമറി വിഭാഗമെന്നും 8 - ാം ക്ലാസ് ഉൾപ്പെടുന്ന ഹൈസ്കൂളുകളെ അപ്പർ പ്രൈമറി & ഹൈസ്കൂൾ എന്നും പുനർ നാമകരണം ചെയ്യുവാനുള്ള നടപടി കൈക്കൊണ്ടു. വിദ്യാഭ്യാസഅവകാശ നിയമപ്രകാരം അൺ എയ്ഡഡ് സ്കൂളുകളിൽ 1-ാം ക്ലാസിൽ ആ ക്ലാസിലെ കുട്ടികളുടെ അംഗസംഖ്യയുടെ കുറഞ്ഞത് 25 ശതമാനമെങ്കിലും, അയൽപക്ക പ്രദേശങ്ങളിലെ ദുർബല വിഭാഗങ്ങളിലും പിന്നോക്ക വിഭാഗ ത്തിലുംപെട്ട കുട്ടികൾക്ക് പ്രവേശനം നൽകുന്നതിനും സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനും, ഓരോ കുട്ടിയ്ക്കും ചെലവാകുന്ന തുകയോ അല്ലെങ്കിൽ |
| (ബി) | ഇതിന്റെ ഭാഗമായി ഇനി എന്തൊക്കെ കാര്യങ്ങളാണ് ചെയ്യാനുള്ളത് എന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | കുട്ടിയിൽ നിന്നും ഈടാക്കുന്ന യഥാർത്ഥ തുകയോ ഏതാണോ കുറവ്, പ്രസ്തുത തുക സ്കൂളിന് റീഇംപേഴ്സ് ചെയ്യുന്നതിനും ഉത്തരവായിട്ടുണ്ട്. എന്നാൽ കുട്ടിയുടെ താമസസ്ഥലത്തിനടുത്ത് 1 കിലോമീറ്റർ ചുറ്റളവിൽ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളി ല്ലാത്ത സാഹചര്യത്തിൽ മാത്രമേ മുകളിൽ സൂചിപ്പിച്ച രീതിയിൽ റീ ഇംപേഴ്സ്മെന്റ് ചെയ്യുകയുള്ളൂ. അധ്യാപക വിദ്യാർത്ഥി അനുപാതം സ്കൂൾ അടിസ്ഥാനത്തിൽ എൽ.പി. സ്കൂളുകൾക്ക് 1 :30 ആയും യു.പി. സ്കൂളുകളിൽ 1:35 ആയും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. എല്ലാ ഗവൺമെന്റ്/എയ്ഡഡ്സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസിലെഎല്ലാ പെൺകുട്ടികൾക്കും എ.പി.എൽ വിഭാഗം ഒഴിച്ചുള്ള ആൺകുട്ടികൾക്കും യൂണിഫോമും എല്ലാവിഭാഗക്കാർക്കും ടെക്സ്റ്റ് ബുക്കും സൗജന്യമായി വിതരണം ചെയ്യുന്നു. സ്കൂൾ മാപ്പിംഗ് നടപടികൾ നടന്നു വരുന്നു. ഗവൺമെന്റ് സ്കൂളുകളിൽ ഹെഡ് ടീച്ചേഴ്സിനെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കി പകരം ദിവസവേതനാടി സ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുവാൻ ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ സ്കൂളുകളിൽ കുടിവെള്ളസൗകര്യം. കളിക്കാനുള്ള സ്ഥലം എന്നിവ ലഭ്യമാക്കുന്ന തിനായി നടപടികൾ സ്വീകരിച്ചു. സ്കൂളുകളിൽ സ്പെഷ്യൽ ഫീസ് പിരിക്കുന്ന സമ്പ്രദായം നിർത്ത ലാക്കി. 1-ാം ക്ലാസ് മുതൽ 8-ാംക്ലാസ് വരെ ഓൾ പ്രൊമോഷൻ നടപ്പിലാക്കി.<br>സ്കൂൾ മാനേജ്മെന്റ് കമ്മറ്റി എല്ലാ ഗവൺമെന്റ് സ്കൂളിലും നടപ്പിലാക്കി. എയ്ഡഡ് സ്കൂളുകളിൽ ഉപദേശകസമിതിയുടെ സ്ഥാനമാണ് എസ്.എം.സി യ്ക്ക് നൽകിയിരിക്കുന്നത്. യു.പി.വിഭാഗത്തിൽ സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ സേവനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സ്പെഷ്യലിസ്റ്റ് |

| | | | |
|---|---|---|---|
| | | | അധ്യാപകരുടെ പൂളിങ്ങ് നടപ്പിലാക്കി. ഓരോ സ്കൂളിലും പ്രവേശനം നേടുന്ന ഓരോ കുട്ടിയെസംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയാൻ ആധാർ നമ്പർ (യു,ഐ.ഡി) സമ്പ്രദയം നടപ്പിലാക്കിയിട്ടുണ്ട്. മേൽ നിയമം നടപ്പാക്കലിന്റെ ഭാഗമായി പരാതി പരിഹാര കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതുണ്ട്. സ്കൂൾ മാപ്പിംഗ് പൂർത്തീകരിച്ച് സ്കൂളുകളുടെ ആവശ്യം കണക്കാക്കേണ്ടതുണ്ട്. പഞ്ചായത്തുകൾ മുഖേന വിദ്യാർത്ഥികളുടെ രേഖകൾ ശേഖരിക്കുന്ന നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. ആർ.റ്റി.ഇ സംബന്ധിച്ച കമ്മിറ്റികൾ യോഗം ചേർന്ന് തുടർപദ്ധതികൾ തീരുമാനിച്ച് ഘട്ടംഘട്ടമായി നടപ്പാക്കേണ്ടതുണ്ട്. |
| (സി) | നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാരിൽ നിന്നും ഇതുവരെ എത്രകോടി രൂപ ലഭിച്ചു എന്നും ഇത് ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ; | (സി) യും (ഡി) യും | അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ഡി) | ലഭിച്ച ഫണ്ടിൽ നിന്നും എത്ര രൂപ ചെലവഴിക്കാതെ നഷ്ടപ്പെട്ടിട്ടുണ്ട്, അതിനുള്ള കാരണം വ്യക്തമാക്കാമോ? | | |

സെക്ഷൻഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്